187 (2503) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം സംബന്ധിച്ച്, ഡ്രഗ്സ് കൺട്രോളർ, ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് എന്നിവർ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളും ഇതേ തുടർന്നുള്ള അവരുടെ രാജിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ ഡ്രഗ്സ് കൺട്രോളർ തന്റെ രാജി തീരുമാനം പിൻവലിച്ചതായി അറിയിച്ചിട്ടുണ്ട്.

(ബി) രാജിക്കിടയായ സാഹചര്യം പരിശോധിക്കുന്നതാണ്.

188 (2504) കണ്ണൂർ ജില്ലാ ആശുപത്രിയിൽ വികലാംഗ സർട്ടിഫിക്കറ്റ് നൽകുവാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഈ വർഷം എത്ര വികലാംഗ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) 1999 ജൂലൈ മാസത്തിനുശേഷം വികലാംഗ സർട്ടിഫിക്കറ്റുകൾ നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സർട്ടിഫിക്കറ്റ് നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999-2000 വർഷത്തിൽ 958 എണ്ണം വിതരണം ചെയ്തിട്ടുണ്ട്.

(ബി)&(സി) വികലാംഗ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ചില പൊതു പരാതികൾ ശ്രദ്ധയിൽപ്പെടുകയും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

189 (2505) മഞ്ചേരിയിലെ ജില്ലാ മെഡിക്കൽ ഓഫീസ് കെട്ടിടം പണി പൂർത്തീകരിക്കാൻ നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ ജില്ലാ മെഡിക്കൽ ഓഫീസ് ഏതു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കെട്ടിടം ജില്ലാ ആശുപത്രിയിൽ വരുന്ന രോഗി കൾക്കുവേണ്ടി നിർമ്മിച്ചതാണോ;

(സി) എങ്കിൽ ഇവിടെ എത്ര രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുമെന്ന് അറിയുമോ;

(ഡി) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലാ മെഡിക്കൽ ഓഫീസുകൾ ജില്ലാ ആശുപത്രി കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം;

(ഇ) ഇല്ലെങ്കിൽ മഞ്ചേരിയിലെ ഡി.എം.ഒ. ഓഫീസ് മാത്രം ആശുപ ത്രികെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്)പ്രസ്തുത കെട്ടിടം എന്നത്തേക്ക് രോഗികൾക്ക് തുറന്നു കൊടു ക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) ഡി.എം.ഒ. ഓഫീസിന് എന്നത്തേയ്ക്ക് കെട്ടിടം പണിത് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഞ്ചേരി ജില്ലാ ആശുപത്രിയുടെ പുതിയ ബ്ളോക്കിന്റെ നാലാം നിലയിലാണ് മഞ്ചേരി ജില്ലാ മെഡിക്കൽ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കു ന്നത്.

(ബി) അല്ല.

(സി) ബാധകമല്ല.

(ഡി) സംസ്ഥാനത്ത് മഞ്ചേരി ജില്ലാ മെഡിക്കൽ ഓഫീസ് ഒഴികെ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളും സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തി ക്കുന്നത്.

(ഇ)&(എഫ്) മഞ്ചേരി ജില്ലാ മെഡിക്കൽ ആഫീസിന് കെട്ടിടം പണി യാനുള്ള നിർദ്ദേശം ഇപ്പോഴില്ല. നിർദ്ദേശം ലഭിക്കുന്നതിനനുസരിച്ച് കെട്ടിടം നിർമ്മിക്കുമ്പോൾ പ്രസ്തുത സ്ഥലം ജില്ലാ ആശുപത്രിയുടെ അഡ്മിനിസ്ട്രേ റ്റീവ് ബ്ളോക്ക് പ്രവർത്തിപ്പിക്കുന്നതിന് നൽകുന്നതാണ്.

(ജി) കെട്ടിടം പണിയാനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോഴില്ല.

190 (2506) മാനന്തവാടിയിലെ ജില്ലാ മെഡിക്കലാഫീസ് കെട്ടിടം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിലെ വയനാട് ജില്ലാ മെഡിക്കലാഫീസ് കെട്ടിടം തകർന്നു വീഴാറായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴക്കാലത്ത് ചോർന്നൊലിക്കുന്ന പ്രസ്തുത കെട്ടിടം എത്രയും പെട്ടെന്ന് പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടികളെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാനന്തവാടിയിലെ വയനാട് ജില്ലാ മെഡിക്കൽ ഓഫീസ് കെട്ടിടം പുതുക്കിപ്പണിയുന്നതിനായി 40 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ്

LIBRARY ARCHIVES Kerala Legislative Assembly